നമ്പർ: ഇ.എം.(4) 12718/05. സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 13.4.2005

സർക്കുലർ നമ്പർ 10/2005

വിഷയം:- സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷനിലെ കരാർ ജീവനക്കാർ, ദിവസ വേതന ജീവനക്കാർ, സഹകരണ വായ്പാ സംഘങ്ങളിലെ നിക്ഷേപ പിരിവുകാർ എന്നിവരെ സ്ഥിരപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന:- 29.03.2005-ൽ ബഹു. സഹകരണ/തുറമുഖ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിൽ വച്ച് വിളിച്ച് കൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ.

സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ കരാർ അടിസ്ഥാനത്തിലും ദിവസ വേതന വ്യവസ്ഥയിലും മസ്ദൂർ, ഹെൽപ്പർ എന്നീ വിഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാർ, വായ്പ, സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ പിരിവുകാർ. എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ദീർഘ നാളായി ജീവനക്കാരും സംഘടനകളും ഉന്നയിച്ചു വരുന്നതാണ്. സഹകരണ ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ മാനുഷിക പരിഗണനയും സാമാന്യ നീതിയും കണക്കിലെടുത്ത്, മേൽ വിവരിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് സൂചന പ്രകാരം സർക്കാർ തീരുമാനിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കുറഞ്ഞത് ആറുമാസമെങ്കിലും സേവന ദൈർഘ്യമുള്ള പ്രസ്തുത ജീവനക്കാരെ ചുവടെ ചേർക്കുന്ന മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

1) സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷനിൽ മസ്ദൂർ, ഹെൽപ്പർ, ഗോഡൗൺ അസിസ്റ്റന്റ്, ഗോഡൗൺ കീപ്പർ തുടങ്ങിയ തസ്തികകളിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ കുറഞ്ഞത് ആറു മാസമെങ്കിലും സേവന ദൈർഘ്യമുള്ള താൽക്കാലിക ജീവനക്കാരെ അതാതു തസ്തികകളിൽ സ്ഥിരപ്പെടുത്തേണ്ടതാണ്. ഇവർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം മൊത്ത വേതനമായി കണക്കാക്കേണ്ടതാണ്. ഇവർക്ക് ക്ഷേമനിധിയുടെയും പെൻഷന്റെയും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2) മേൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ യോഗ്യതയുള്ളവർക്ക് സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷനിലെ സെയിൽസ്മാൻ ഗ്രേഡ് 2/ ഗ്രേഡ് 1 തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. എന്നാൽ ഇതിനനുസൃമായി ഫെഡറേഷന്റെ പോഷക വിഭാഗം ഉപ നിബന്ധനകളിലും നിയമനചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി സഹകരണസംഘം രജിസ്ട്രാറുടെ അംഗീകാരം

വാങ്ങിയതിനു ശേഷമായിരിക്കണം മേൽ പ്രകാരമുള്ള ഉദ്യോഗക്കയറ്റങ്ങൾ നൽകേണ്ടത്.

3) പെൻഷൻ പറ്റി പിരിഞ്ഞ ജീവനക്കാരുടെ ഉദ്യോഗസ്ഥൻമാരെയോ കരാറടിസ്ഥാനത്തിലോ മറ്റു വിധത്തിലോ ഫെഡറേഷനിൽ നിയമിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

4) വായ്പാ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപ പിരിവുകാരായി നിലവിൽ ആറു മാസത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ള ജീവനക്കാരെ അതേ തസ്തികയിൽ സ്ഥിരപ്പെടുത്തേണ്ടതാണ്. ഇവർക്ക് നൽകാവുന്ന കമ്മീഷൻ കുറഞ്ഞത് രണ്ടു ശതമാനവും പരമാവധി മൂന്നു ശതമാനവും ആയിരിക്കും. ഇപ്രകാരം നൽകാവുന്ന കമ്മീഷൻ തുകയിൽ നിന്നും 500/-രൂപ പ്രതിമാസ വേതനമായി കണക്കാക്കി നൽകേണ്ടതാണ്.

5) നിലവിലുള്ള നിക്ഷേപ പിരിവുകാർക്ക് സ്ഥിര നിയമനങ്ങൾ നൽകുന്നതിന് അതാത് സ്ഥാപനങ്ങൾ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഇങ്ങനെ സ്ഥിരപ്പെടുത്തി നിയമിക്കപ്പെടുന്നവർക്ക് മറ്റു തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഇവരെ പോഷക വിഭാഗത്തിൽ ഉൾപ്പെടുത്തുവാനും പാടില്ല.

ഇനി മുതൽ നിക്ഷേപ പിരിവുകാരെ സംഘങ്ങളിൽ നിയമിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതുമാണ്.

6) മേൽ പ്രകാരം സ്ഥിരപ്പെടുത്തുന്ന നിക്ഷേപപിരിവുകാരെ പെൻഷൻ ക്ഷേമനിധി എന്നീ ക്ഷേമപദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(ഒപ്പ്)

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

1) പ്രസിഡന്റ്

കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, ഗാന്ധി നഗർ, എറണാകുളം, കൊച്ചി.

2) മാനേജിംഗ് ഡയറക്ടർ

കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, ഗാന്ധി നഗർ, എറണാകുളം, കൊച്ചി.

3) ജോയിന്റ് രജിസ്ട്രാർ/ കൾകറന്റ് ഓഡിറ്റർ, കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, ഗാന്ധി നഗർ, എറണാകുളം, കൊച്ചി.

4) പ്രസിഡന്റ്/ജനറൽ മാനേജർ ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്.

5) ജോയിന്റ് രജിസ്ട്രാർ (ജനറൽ).

6) ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്).

7) സി.എസ്.സെക്ഷൻ

8) സി.പി. സെക്ഷൻ

9) സി.ബി. സെക്ഷൻ

10) സ്റ്റോക്ക് ഫയൽ

11) സ്പെയർ.

12) സഹകരണ വീഥി, സഹകരണ ജേർണൽ.

ആജ്ഞാനുസരണം

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി.